# കേരളാ പോലീസ്

# പ്രശംസനീയ കർത്തവ്യ നിർവ്വഹണം

( 19-12-2009 മുതൽ 25-12-2009 വരെ)

## വാസുക്കുട്ടി വധം; പ്രതികൾ അറസ്റ്റിൽ

പണമിടപാട് സ്ഥാപന ഉടമ പാലമൂട്ടിൽ വാസുക്കുട്ടിയെ 15-10-2009-ന് തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തി 2.6 കിലോഗ്രാമിലേറെ സ്വർണ്ണവും, 50,000/- രൂപയും തട്ടിയെടുത്ത കേസിലെ പ്രധാന പ്രതി പത്തനംതിട്ട പൂമക്കാട് സ്വദേശി ബിജുവിനെ 20-12-2009-നും മറ്റ് പ്രതികളായ രഞ്ജിത്ത്, ഷിജിൻ എന്നിവരെ 26-12-2009-ന് മുംബൈയിൽനിന്നും പോലീസ് അറസ്റ്റുചെയ്തു.

(Cr. No. 986/09, PTA, Pathanamthitta PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. P. S. Sabu SySP, Sri. Binu CI, Sri. Rajappan Rawuthar SI, Sri. Appukkuttan Pillai ASI, Sri. Soman ASI, HCs 1078, 1790, PCs 2058, 2587, 2222, 1927, 1825, 2173, 3449

## പഞ്ചലോഹവിഗ്രഹത്തിൽ മറിമായം കാട്ടി ലക്ഷങ്ങൾ തട്ടിയവർ പിടിയിൽ

മാസങ്ങൾക്കുമുമ്പ് അങ്കമാലിയിൽ സ്വർണ്ണവ്യാപാരിയെ മാറ്റുകൂട്ടിയ പഞ്ചലോഹ ഗണപതി വിഗ്രഹം കാണിച്ച് പണം വാങ്ങിയശേഷം മറ്റൊരു ഗണപതി വിഗ്രഹം നല്കി ലക്ഷങ്ങൾ തട്ടിയ കേസിലെ പ്രതികൾ അറസ്റ്റിലായി. കൊല്ലം കാവനാട് റഹീം, മാമ്പ്ര ഊവമ്പിള്ളി വീട്ടിൽ അബ്ദുൾ ഷുക്കൂർ എന്നിവരെയാണ് പോലീസിന്റെ ഊർജ്ജിതമായ അന്വേഷണത്തിന്റെ ഫലമായി 19-12-2009-ന് അറസ്റ്റുചെയ്തത്. മഹാരാഷ്ട്രയിൽനിന്നും വന്ന് അങ്കമാലിയിൽ താമസിച്ച് സ്വർണ്ണം, വെള്ളി എന്നിവ വ്യാപാരം നടത്തുന്ന സഞ്ജുവാണ് കബളിപ്പിക്കപ്പെട്ടത്.

(Cr. No. 2624/09, EKM RL,Angamali PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. Biju CI, Baiju SI, Sunni SI, Sugathan ASI, Xavior ASI, PCs 7973, 7910, 8270, 8263, 7654

## ഭാര്യയുടെ മുന്നിലിട്ട് ഭർത്താവിനെ വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ പ്രതികൾ അറസ്റ്റിൽ

15-12-2009-ന് തിരുവനന്തപുരം ജനറൽ ആശുപത്രി ജംഗ്ഷനിൽവച്ച് ഭാര്യയുടെ മുന്നിലിട്ട് ഭർത്താവായ ഫ്രാൻസിസിനെ വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ പ്രതികളായ നിശാന്ത്, വരുൺ, സുരേഷ്, അഭിലാഷ്, അരുൺലാൽ എന്നിവരെ വഞ്ചിയൂർ പോലീസ് 21-12-2009-ന് ജില്ലയുടെ വിവിധ സ്ഥലങ്ങളിൽനിന്ന് അറസ്റ്റുചെയ്തു.

(Cr. No 630/09, TVM C, Vanchiyoor PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. Suresh Kumar CI, Sri. Chandrakumar SI, Sri. Thulasi ASI, Sri. Mohan ASI, HCs 7515, 8711, 3701, WPC 3036

## 495 ലിറ്റർ സ്പിരിറ്റ് കണ്ടെടുത്തു

കാഞ്ഞിരംകുളം പോലീസിനു ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ 24-12-2009 തീയതി ഉച്ചയ്ക്ക് ഒരുമണിയോടുകൂടി കാഞ്ഞിരംകുളം കരിച്ചൽ ഭാഗത്തുള്ള മധുപാൽ എന്ന ആളിന്റെ ഒഴിഞ്ഞ പുരയിടത്തിൽ നിന്നും കന്നാസുകളിലായി സൂക്ഷിച്ചിരുന്ന 495 ലിറ്റർ സ്പിരിറ്റ് കണ്ടെടുത്തു.

(Cr. No. 354/09, TVM RL, Kanjiramkulam PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. G. Binu SI, Sri. Ramachandran Nair ASI, Gr. HC 9327, PCT 1193, WPC T 3027

## വാഹനമോഷണം; നാലുപേർ അറസ്റ്റിൽ

16-12-2009-ന് രാത്രി വെള്ളമുണ്ട പോലീസ് സ്റ്റേഷൻ അതിർത്തിയിൽ താമസിക്കുന്ന ഫൈസൽ എന്നയാളുടെ വീട്ടിൽനിന്നും ടാറ്റ ഇൻഡിക്ക കാർ മോഷ്ടിച്ച കേസിലെ പ്രതികളായ ഷൈൻ രാജ്, റിയാസ്, രഞ്ജിത്ത്, ഷാജിത്ത് എന്നിവരെ 22-12-2009-ന് ജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്നും വെള്ളമുണ്ട പോലീസ് അറസ്റ്റുചെയ്തു.

(Cr. No. 236/09, WYND, Vellamunda PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. T. N. Sajeev CI, Sri. P. A. Aboobacker ASI. PCs 1587, 1435, 1379

## ചീട്ടുകളിസംഘത്തെ അറസ്റ്റുചെയ്തു

വരാന്തരപ്പള്ളി പോലീസ് സ്റ്റേഷൻ പരിധിയിലുള്ള മണ്ണംപേട്ടയിൽ ഉള്ള ആൾത്താമസമില്ലാത്ത ഒരു കെട്ടിടത്തിൽ വൻതുകവച്ചു ചീട്ടുകളിയിൽ ഏർപ്പെട്ടിരുന്ന 15 ഓളം പേരെ വരാന്തരപ്പള്ളി പോലീസ് 21-12-2009–ന് രാത്രി 9 മണിക്ക് റെയ്ഡ് ചെയ്തു അറസ്റ്റുചെയ്തു. ഇവരുടെ പക്കൽനിന്നും 1,53,775/- രൂപ പിടിച്ചെടുത്തു.

(Cr. No. 558/09, TSR, Varantharappally PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. P. P. Joy SI

## 490 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തു

21-12-2009 തീയതി പുലർച്ചെ 5.45 മണിയോടുകൂടി ആര്യങ്കോട് പോലീസ് നെട്ടാണി ഭാഗത്ത് പട്രോൾഡ്യൂട്ടി നോക്കിവരവേ സംശയാസ്പദമായ രീതിയിൽ നിർത്തിയിട്ടിരുന്ന മാരുതി എസ്റ്റീം കാറിനെ വിശദമായി പരിശോധിച്ചതിൽ കാറിനുള്ളിൽ കന്നാസുകളിലായി 490 ലിറ്റർ സ്പിരിറ്റ് ഒളിപ്പിച്ചുവച്ച നിലയിൽ കണ്ടെടുത്തു.

(Cr. No. 370/09, TVM RL, Aryancode PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. M. Anilkumar CI, Sri. C. A. Devendran SI, Gr. ASI 8524, Gr. ASI 1131, Gr. HC 8896, PC 1233